## സാമ്പത്തിക അവലോകനം 2020: ചില പ്രസക്ത ഭാഗങ്ങൾ

### കോവിഡ് 19 മഹാമാരി: പ്രധാന സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ

1. കോവിഡ് 19 മഹാമാരി നിയന്ത്രിക്കുന്നതിന് കേരളാ മാതൃകയിലുള്ള മാനേജ്മെന്റ് തന്ത്രങ്ങൾ, ലഘൂകരണ ശ്രമങ്ങൾ, ദുരിതാശ്വാസ നടപടികൾ എന്നിവ ലോകമെമ്പാടും പ്രശംസ പിടിച്ചുപറ്റി.

2. വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള ശക്തമായ പ്രതിബദ്ധതയോടെ കോവിഡ് -19 നോടുള്ള കേരളത്തിന്റെ പ്രതികരണം ബഹുമുഖമാണ്. ഭക്ഷണലഭ്യത, പാർപ്പിട സൗകര്യം, കുറഞ്ഞ ചിലവിലുള്ള വൈദ്യ സഹായം, കൃത്യ സമയത്ത് വിവരങ്ങൾ ലഭ്യമാക്കിയത് എന്നിവയാണ് കോവിഡ് 19 മഹാമാരി നേരിട്ടതിൽ കേരളത്തിന്റെ മികവിന്റെ മുദ്ര. ആർദ്രം മിഷനു കീഴിൽ നിർമ്മിച്ച ശക്തമായ പൊതുജനാരോഗ്യ അടിസ്ഥാന സൗകര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ദൈനംദിന പത്രസമ്മേളനങ്ങളിലൂടെ വിവരങ്ങൾ പൊതുജനങ്ങളെ അറിയിച്ചത്, ഏറ്റവും ദുഷ്കരമായ സമയങ്ങളിൽ ആവശ്യക്കാർക്ക് ഭക്ഷണവും പാർപ്പിടവും നൽകിയത് എന്നിവ കോവിഡ് നിയന്ത്രണത്തോടുള്ള കേരളത്തിന്റെ സമീപനത്തിന്റെ സവിശേഷ സ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. (അധ്യായം 2, പേജ് 70, വാല്യം 1)

3. കോവിഡ് – 19 നെക്കുറിച്ചുള്ള ബോധവൽക്കരണം, "ബ്രേക്ക്ദി ചെയിൻ" ക്യാമ്പയിൻ, ശുചീകരണം, സമ്പർക്കവിലക്കിൽ കഴിയുന്നവർക്ക് വേണ്ട സഹായം നൽകൽ, അവശ്യവസ്തുക്കൾ ഉറപ്പുവരുത്തുക, പ്രാദേശികതലത്തിൽ ആരോഗ്യപരിരക്ഷാ സംവിധാനങ്ങളുടെ പട്ടിക തയ്യാറാക്കുക എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങൾ. സംസ്ഥാനത്തുടനീളം കുടുംബശ്രീ സഹായത്തോടെ സമൂഹ അടുക്കള സ്ഥാപിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ നേതൃത്വം നൽകി. (അധ്യായം 2, പേജ് 70, വാല്യം 1)

4. കോവിഡ് രോഗികൾക്ക് സർക്കാർ ആശുപത്രികളിലെ പരിശോധന ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും സൗജന്യമായിരുന്നു. എല്ലാ സമയത്തും എല്ലാ രോഗികൾക്കും ഭക്ഷണം സൗജന്യമായി നൽകി. കൂടാതെ കോവിഡ് രോഗികൾക്കും ക്വാറൻറൈനിൽ കഴിയുന്നവർക്കും മാനസിക പിന്തുണ നൽകുന്നതിനായി മനഃശാസ്ത്രവിദഗ്ദ്ധർ അടങ്ങുന്ന ഒരു സംഘത്തെ രൂപീകരിച്ചു. (അദ്ധ്യായം 2, പേജ് 52, വാല്യം1).

5. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10 ന് ആരംഭിച്ചു. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശയുടെ സഹായത്തോടെ കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകുന്നത്. (അധ്യായം2, പേജ് നമ്പർ 57, വാല്യം-1).

6. ഹോം ക്വാറൻറൈൻ, ഡൊമിസിലിയറി കെയർ സെന്ററുകൾ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, നിയുക്ത കോവിഡ് ഹോസ്പിറ്റലുകൾ എന്നിവ കോവിഡ് രോഗികൾക്ക് പരിചരണവും പിന്തുണയും നൽകുന്നതിന് സർക്കാർ സൃഷ്ടിച്ചു. (അദ്ധ്യായം 2, പേജ് 58, വാല്യം1)

7. കോവിഡ് മഹാമാരിയുടെ സാമ്പത്തികാഘാതത്തെ നേരിടുന്നതിനായി 20,000 കോടി രൂപയുടെ പാക്കേജ് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെക്കാളും കേന്ദ്ര സർക്കാരിനെക്കാളും വളരെ നേരത്തേ പ്രഖ്യാപിച്ചത് കേരള സർക്കാരാണ്. 20,000 കോടി രൂപയുടെ പാക്കേജിൽ 1,320 കോടി രൂപ മാർച്ച് മാസത്തിൽ തന്നെ 2 മാസത്തെ ക്ഷേമ പെൻഷനുകൾ മുൻകൂറായി വിതരണം ചെയ്യുന്നതിനായി മാറ്റിവെച്ചു. ക്ഷേമപെൻഷനുകൾ അർഹതയില്ലാത്ത കുടുംബങ്ങൾക്ക് 1,000 രൂ വീതം സഹായം നൽകുന്നതിന് 100 കോടിരൂപ അനുവദിച്ചു. തുടർന്നുള്ള രണ്ട് മാസത്തിനുള്ളിൽ പലിശയിനത്തിലുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കുടുംബശ്രീ വഴി 2,000 രൂപ

വായ്പയായി വിതരണം ചെയ്തു. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിനായി 2,000 കോടി രൂപ നീക്കിവെച്ചു. (അധ്യായം 2, പേജ് 12, വാല്യം 1).

8. കോവിഡ്-19 മഹാമാരിയുടെ വ്യാപനം തടയുന്നതിനു സ്വീകരിച്ച നടപടികളുടെ ഭാഗമായി മാർച്ച് 10, 2020 സ്കൂളുകൾ അടച്ചു. നിലവിലുള്ള സാഹചര്യങ്ങളിൽ കുട്ടികൾക്ക് പാകം ചെയ്ത് ഉച്ചഭക്ഷണം നൽകാൻ സാധിക്കാത്തിനാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013, മിഡ് ഡേ മീൽസ് 2015 നിയമങ്ങൾ അനുസരിച്ച് നഷ്ടപരിഹാരമായി ഭക്ഷ്യ സുരക്ഷ അലവൻസ് നൽകാൻ തീരുമാനിച്ചു. ഭക്ഷ്യ കിറ്റിൽ അരിയും ഒമ്പത് പലചരക്ക് സാധനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് 2019-20 അധ്യയന വർഷം ഭക്ഷണമായി കൊടുക്കേണ്ടത് കണക്കാക്കി വിതരണം ചെയ്തു. സപ്ലൈകോ സ്റ്റോറുകൾ വഴിയാണ് കിറ്റ് വിതരണം ചെയ്തത്. (അദ്ധ്യായം 2, പേജ് 65, വാല്യം1).

9. കോവിഡ് മഹാമാരി കാരണം പദ്ധതിയേതര ചെലവിൽ ചില അപ്രതീക്ഷിത വർദ്ധനവ്, കോവിഡ് കാലത്ത് നേരിടേണ്ടതായി വന്നതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2020-21 ലെ പദ്ധതിയിൽ ഉൾപ്പെട്ട അടിയന്തിരമായി തീർപ്പാക്കേണ്ട പദ്ധതികൾക്ക് മുൻഗണന നൽകാൻ തീരുമാനിക്കുകയുണ്ടായി. വകുപ്പുകളുടെ ചെലവ് വേഗത്തിൽ ട്രാക്ക് ചെയ്യുന്നതിന് ഉദ്ദേശിച്ച ലക്ഷ്യം നേടി. (അധ്യായം 1, പേജ് 46, വാല്യം 1).

**വളർച്ചയും സ്ഥൂല സമ്പദ്‌വ്യവസ്ഥയും**

10. കഴിഞ്ഞ മൂന്ന് വർഷങ്ങളായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ നിരവധി തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. 2017 ൽ ഓഖി ചുഴലിക്കാറ്റും 2018 ലും 2019 ലും കനത്ത മഴയുടെ ഫലമായുണ്ടായ കനത്ത വെള്ളപ്പൊക്കവും മണ്ണിടിച്ചിലും സംസ്ഥാനത്തെ ബാധിച്ചു. 2020 ൽ കോവിഡ് -19 മഹാമാരി കേരളം ഉൾപ്പെടെയുള്ള ലോകത്തെ മുഴവൻ ബാധിക്കുകയും സംസ്ഥാനത്തിന്റെ വളർച്ചാ വേഗത മന്ദഗതിയിലാക്കുകയും ചെയ്തു. 2012-13 മുതൽ 2015-16 വരെയുള്ള നാല് വർഷങ്ങളിലെ ശരാശരി വളർച്ചാ നിരക്കിനേക്കാൾ (4.8 ശതമാനം) കൂടുതലാണ് 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ ശരാശരി വളർച്ചാ നിരക്ക് (5.4 ശതമാനം).

11. ഈ പ്രതിസന്ധികൾക്കിടയിലും, സുസ്ഥിര വികസന സൂചിക വഴി നീതി ആയോഗിന്റെ കണക്കനുസരിച്ച് യു.എൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് മുൻനിരയിലെത്താൻ സാധിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട സാമൂഹിക സേവന മേഖലകളായ വിദ്യഭ്യാസം, ആരോഗ്യം തുടങ്ങിയവയിലുണ്ടായ മുന്നേറ്റമാണ്. സമ്പദ് വ്യവസ്ഥയിൽ സുസ്ഥിര വളർച്ച ഉറപ്പ് വരുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങളിൽ ത്വരിതപ്പെടുത്തിയ നിക്ഷേപം കേരള സർക്കാർ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. (അധ്യായം 1, പേജ് 38, വാല്യം 1)

12. മൊത്ത സംസ്ഥാന സംയോജിത മൂല്യം (ജി.എസ്.വി.എ) 2011-12 ലെ സ്ഥിര വിലയിൽ 2018-19ലെ താൽക്കാലിക കണക്കുകളിലെ 4.89 ലക്ഷം കോടി രൂപയിൽ നിന്ന് 2019-20 ലെ ത്വരിത കണക്കിൽ 5.01 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. (അധ്യായം 1,പേജ്4, വാല്യം 1).

13. ത്വരിത കണക്കുകൾ പ്രകാരം സ്ഥിര വിലയിൽ 2018-19 -ൽ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപാദനം (എൻ.എസ്.ഡി.പി)1,45,521 രൂപയായിരുന്നത് 2019-20 ൽ1,49,563 രൂപയായി.(അധ്യായം 1, പേജ് 10,വാല്യം 1)

**ധന ഏകീകരണം**

14. 2018-19 ൽ റവന്യൂ കമ്മിയും ധന കമ്മിയും യഥാക്രമം 2.23 ശതമാനവും 3.44 ശതമാനവുമായിരുന്നത് 2019-20 ൽ 2.01 ശതമാനമായും 3.00 ശതമാനമായും കുറഞ്ഞു. (അധ്യായം 1, പേജ് 38 ,വാല്യം 1)

**ഉൽപാദന മേഖല - കൃഷി**

15. 2018 ലും 2019 ലും ഉണ്ടായ കനത്ത മഴ കാർഷിക മേഖലയിലെ വളർച്ചയെ ബാധിച്ചു. 2019-20 ൽ 14.9 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു. അതായത് 2018-19 മായി താരതമ്യം ചെയ്യുമ്പോൾ കൃഷി ഉൽപ്പാദനത്തിൽ 23 ശതമാനത്തിന്റെയും വളർച്ച രേഖപ്പെടുത്തി. (അധ്യായം 3, പേജ് 81, വാല്യം 1).

16. 2019-20 ലെ ഭൂവിനിയോഗ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ 25.89 ലക്ഷം ഹെക്ടർ (66.64 ശതമാനം) വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. ഇതിൽ യഥാർത്ഥ കൃഷിയുടെ വിസ്തൃതി 20.26 ലക്ഷം ഹെക്ടറാണ്. (52.13ശതമാനം) കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 11.73 ശതമാനവും വനമേഖല 27.83 ശതമാനവുമാണ്. കൃഷിക്കനുയോജ്യമായ പാഴ്ഭൂമിയും തരിശുഭൂമിയും യഥാക്രമം 2.57 ശതമാനവും 1.48 ശതമാനവുമാണ്. (അധ്യായം 3, പേജ് 77,78, വാല്യം 1)

17. 2016-17 ൽ 54,270.00 കോടി രൂപയും 2019-20ൽ 73,034.00 കോടി രൂപയുമായി കാർഷികവായ്പയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കാർഷിക വായ്പാ ഇനത്തെ ഉല്പാദന വായ്പ, നിക്ഷേപ വായ്പ എന്ന് തരം തിരിച്ചാൽ 2013-14 ലെ നിക്ഷേപ വായ്പയുടെ പങ്ക് 14.03 ശതമാനത്തിൽ നിന്ന് 2019-20 ൽ 33.26 ശതമാനമായി വർദ്ധിച്ചതായി കാണാം. (അധ്യായം 3, പേജ് 98, വാല്യം 1)

18. ജലസേചിത പ്രദേശത്തിന്റെ അറ്റവിസ്തീർണ്ണത്തിൽ 2018-19 ൽ 4.04 ലക്ഷം ഹെക്ടർ ആയിരുന്നത്, 2019-20 ൽ 4.09 ലക്ഷം ഹെക്ടർ ആയി.

19. ഇന്ത്യ സ്റ്റേറ്റ് ഫോറസ്റ്റ് റിപ്പോർട്ട് പ്രകാരം 2019 ൽ തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനവിസ്തീർണ്ണം 21,144 ചതുരശ്ര കിലോമീറ്ററാണ്. കേരളത്തിന്റെ വനവിസ്തൃതിയിൽ 2017 ലെ വിലയിരുത്തലിൽ നിന്ന് 2.12 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. (അധ്യായം 3, പേജ് 143, വാല്യം 1)

20. ഹരിതകേരള മിഷന്റെ ഭാഗമായി 1,033 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 28,632 അംഗങ്ങളുടെ പങ്കാളിത്തത്തോടെ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി രൂപീകരിച്ച ഹരിത കർമ്മസേന ഇപ്പോൾ 805 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽസജീവമാണ്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമായി 1,141 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്) കേന്ദ്രങ്ങളും മാലിന്യം വേർതിരിക്കൽ, പുനരുപയോഗം, തുടർപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 150 റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പൂർണ്ണമായി പ്രവർത്തിച്ചുവരുന്നു. (അധ്യായം 3, പേജ് നമ്പർ 157, വാല്യം-1)

21. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഉണ്ടായേക്കാവുന്ന ഭക്ഷ്യക്ഷാമം നേരിടുന്നതിനായി 2020-21 ൽ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് സുഭിക്ഷ കേരളം. നെല്ല്, പഴങ്ങൾ, പച്ചക്കറികൾ,കിഴങ്ങു വർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ വലിയതോതിൽ ഉത്പാദിപ്പിക്കുകയും പശു, ആട്, മുയൽ, പന്നികൾ, മത്സ്യം എന്നിവ വളർത്തുന്നതിന് സഹായംനൽകിക്കൊണ്ട് ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുകയും ചെയ്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭക്ഷ്യ ഉല്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിപണിയിലെ പ്രതികൂല വിലവ്യതിയാനങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി 16 ഭക്ഷ്യ, കാർഷിക ഉല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ചത് ഈ പദ്ധതിയുടെ എടുത്തുപറയേണ്ട ഒരു സവിശേഷത തന്നെയാണ്. 2020 നവംബർ 1 മുതൽ ഈ അടിസ്ഥാന വിലകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു. (അധ്യായം 12, പേജ് നമ്പർ 647 വാല്യം-1 ).

**ഉൽപാദന മേഖല - വ്യവസായം**

22. 2018 ലും 2019 ലും ഉണ്ടായ പ്രകൃതിക്ഷോഭവും നോട്ട് നിരോധനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയതും വ്യാവസായിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും, 2019-20 ൽ സ്ഥിര വിലയിൽ (2011-12) കേരളത്തിന്റെ ഉൽപാദന മേഖല 1.5 ശതമാനം വളർച്ച നേടി. (വാല്യം 1 ന്റെ അധ്യായം 4, പേജ് 175).

23. എം.എസ്.എം.ഇ യെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ 'വ്യവസായ ഭദ്രതാ സ്കീം' അവതരിപ്പിച്ചു. ഇത് കോവിഡ് - 19 എന്ന മഹാമാരിയിൽ നിന്ന് എം.എസ്.എം.ഇ യെ കരകയറാൻ ഇത് സഹായിച്ചു. (അധ്യായം 4,പേജ് 193, വാല്യം1)

24. എം.എസ്.എം.ഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പിന്റെ ബിസിനസ് പരിഷ്കാരങ്ങൾ എളുപ്പമാക്കുന്നതിനുള്ള പ്രധാന സംരംഭങ്ങളിലൊന്നാണ് കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്ട്. (അധ്യായം4,പേജ് 195, വാല്യം1)

25. 2019-20ൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ 13,695 ഉം, ആകെ നിക്ഷേപം 1,338.65 കോടി രൂപയും, സൃഷ്ടിച്ച തൊഴിലവസരങ്ങൾ 46,081 ഉം ആണ്. (അധ്യായം4,പേജ് 195, വാല്യം1)

26. സംസ്ഥാനത്ത് നിന്നുള്ള ഉൽപ്പന്നങ്ങൾക്കായി ദേശീയ അന്തർ ദേശീയ വിപണികൾ ലക്ഷ്യമിട്ട് സർക്കാർ 'കേരള ഇ-മാർക്കറ്റ്' എന്ന പേരിൽ ഒരു ബിസിനസ്-ടു-ബിസിനസ് വെബ് പോർട്ടൽ ആരംഭിച്ചു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെ-ബിപ്) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും അവരുടെ ബിസിനസ്സ് വിപുലീകരിക്കുന്നതിന് സഹായിക്കുന്നതിനുമായി ഒരു പോർട്ടൽ രൂപീകരിച്ചു. ദേശീയ അന്തർദേശീയ വിപണികളിൽ വാങ്ങുന്നവർക്ക് സംസ്ഥാനത്തെ എംഎസ്എംഇ കളുമായും പൊതുമേഖലാ സ്ഥാപനങ്ങളുമായും സംവദിക്കാനുള്ള ഒരു കണക്ഷൻ പോയിന്റായി പോർട്ടൽ പ്രവർത്തിക്കും. (അധ്യായം4,പേജ് 201, വാല്യം1)

27. 2019-20 കാലയളവിൽ കേരളത്തിലെ ഖാദിമേഖല 13,620 കരകൗശലത്തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും മൊത്തം തുണി, നൂൽ ഉത്പാദനം 8,575.95 ലക്ഷംരൂപ കൈവരിക്കുകയും ചെയ്തു. 2019-20 കാലയളവിൽ ഗ്രാമ വ്യവസായങ്ങളിലൂടെ ഖാദി, ഗ്രാമ വ്യവസായ ബോർഡിന് 4,135 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. (അധ്യായം 4,പേജ് 218, വാല്യം1).

28. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെടുന്നു. ഈ ഏജൻസികളിൽ നിന്നുള്ള കയറ്റുമതി 2015-16 മുതൽ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016-17ൽ 1,072.55 ലക്ഷം രൂപയിൽ നിന്ന് 2019-20 ൽ ഇത് 1,425.86 ലക്ഷം രൂപയായി ഉയർന്നു. 2018-19 ൽ 222 ൽ നിന്ന് 2019-20 ൽ 316 ആയി ഉയർന്ന് ലാഭകരമായ കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായി. കൂടാതെ പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികൾക്ക് പ്രതിദിനം 350 രൂപയായി വേതനം ഉയർത്തി. (അധ്യായം 4, പേജ് 223,225, വാല്യം1)

**ഉൽപാദന മേഖല- സേവനങ്ങൾ**

29. കേരള സ്റ്റാർട്ട് അപ് മിഷന്റെയും അതിന്റെ നിരവധി പ്രത്യേക പങ്കാളിത്ത ഓർഗനൈസേഷനുകളുടെയും ബാനറിൽ, നിലവിൽ 2,500 ൽ അധികം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ 4 ലക്ഷം ചതുരശ്ര അടിയിലധികം ഇൻകുബേഷൻ സ്ഥലവും 1,500 കോടി ബാഹ്യ നിക്ഷേപവും, 1,00,000 കോടി രൂപയുടെ മൂല്യവും, 25,000 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. (അധ്യായം5, പേജ് 238, വാല്യം1).

30. കേരളത്തിലെ ഏറ്റവും വലിയ എംപ്ലോയ്മെന്റ് ബേസ് കാമ്പസായി ടെക്നോപാർക്ക് മാറി. ടെക്നോപാർക്ക് മൂന്നാം ഘട്ടം ആരംഭിച്ചതോടെ 380 ഏക്കർ സ്ഥലവും 9.7 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി പാർക്കായി ഇത് മാറി. (അധ്യായം5, പേജ് 239, വാല്യം1)

31. 2020 - ൽ ഇതുവരെ 399 സ്റ്റാർട്ടപ്പുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18 ശതമാനം വളർച്ച കൈവരിച്ചു. 1,292 സജീവ സ്റ്റാർട്ടപ്പുകളുമായി കേരളം ഒമ്പതാം സ്ഥാനത്താണ്. (അധ്യായം5, പേജ് 253, വാല്യം1)

32. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി 2020 ഒക്ടോബർ 20ന് സ്ഥാപനം ഉദ്ഘാടനം ചെയ്യപ്പെട്ടു. 39 രാജ്യങ്ങളിൽ ആയി 45ഓളം മികവിന്റെ കേന്ദ്രങ്ങളിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു.

33. 2018 ലെ വെള്ളപ്പൊക്കം മൂലമുണ്ടായ പ്രത്യാഘാതത്തിൽ നിന്നും ശക്തമായ തിരിച്ചു വരവ് കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് 2019-ൽ ഉണ്ടാകുകയും വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ കഴിഞ്ഞ 24 വർഷത്തിനിടയിൽ സംസ്ഥാനത്ത് ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. 2018 നേക്കാൾ വിദേശ വിനോദസഞ്ചാരികളുടെ

എണ്ണത്തിൽ 8.52 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.81 ശതമാനവും വളർച്ച സംസ്ഥാനത്തു 2019 ൽ രേഖപ്പെടുത്തുകയുണ്ടായി. നേരിട്ടും അല്ലാതെയും ഈ മേഖലയ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം 45,010.69 കോടി രൂപയായിരുന്നു. 2018 നെ അപേക്ഷിച്ച് 24.13 ശതമാനം വർദ്ധനവാണ് ഇത് സൂചിപ്പിക്കുന്നത്. (അധ്യായം5, പേജ് 273,274,280, വാല്യം1)

34. കൊച്ചി തുറമുഖം 2019-20-ൽ കൈകാര്യം ചെയ്ത മൊത്തം ചരക്ക് (ആഭ്യന്തരവും വിദേശവും ഉൾപ്പെടെ) മുൻവർഷത്തെ അപേക്ഷിച്ച് 6.3 ശതമാനമായി വളർച്ചാ നിരക്കിൽ ഇടിവ് രേഖപ്പെടുത്തിക്കൊണ്ട് 340.4 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. 2018-19ൽ ഇത് 320.2 ലക്ഷം മെട്രിക് ടണ്ണും, വളർച്ചാ നിരക്ക് 9.9 ശതമാനവും ആയിരുന്നു. (അധ്യായം 5, പേജ് 286, വാല്യം 1).

35. നീതി ആയോഗ് വികസിപ്പിച്ചെടുത്ത കയറ്റുമതി തയ്യാറെടുപ്പ് സൂചിക 2020 അനുസരിച്ച് കയറ്റുമതി വൈവിധ്യവൽക്കരണത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഏക സംസ്ഥാനം കേരളമാണ്. (അധ്യായം 5, പേജ് 295, വാല്യം 1).

**പശ്ചാത്തല സൗകര്യ വികസനം**

36. സംസ്ഥാനത്ത് ലൈഫ് മിഷന് കീഴിൽ ആകെ 2,43,522 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. (അധ്യായം 12, പേജ് നമ്പർ 612, വാല്യം-1)

37. കൊല്ലം ബൈപ്പാസ് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ബൈപ്പാസ് ജോലികൾ ഉടൻ പൂർത്തിയാകും. ഹിൽ ഹൈവേയുടെയും തീരദേശഹൈവേയുടേയും നിർമ്മാണം പുരോഗമിക്കുന്നു. ഹിൽ ഹൈവേയുടെ 21 റീച്ചുകൾ ഉൾക്കൊള്ളുന്ന 1,726.397 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചു. (അധ്യായം 11, പേജ് 499, വാല്യം)

38. രൂപകൽപ്പന/നിർമ്മാണ രീതികളിലെ പുതുമ, റോഡ് അസ്സറ്റ് മാനേജ്മെന്റ്, റോഡ് സുരക്ഷാമാനേജ്മെന്റ്, ഗുണനിലവാരം ഉറപ്പവരുത്തലും കോൺട്രാക്റ്റ് മാനേജ്മെന്റും തദ്ദേശീയ ഗവേഷണവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നീ തീമാറ്റിക് മേഖലകളുമായി ബന്ധിപ്പിച്ച് കെ.എച്ച്.ആർ.ഐ യെ മികവിന്റെ കേന്ദ്രമായി ഉയർത്തി. (അധ്യായം 11,പേജ് 501, വാല്യം1)

39. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങൾ (ഇവി) വിന്യസിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. മോട്ടോർ വാഹന നിയമങ്ങൾ നടപ്പിലാക്കുന്നതിനും റോഡ് അച്ചടക്കം ഉറപ്പാക്കുന്നതിനുമായി സുരക്ഷിത കേരള പദ്ധതിയിലൂടെ 65 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് 'പ്ലഗ്-ഇൻ ഇലക്ട്രിക് വാഹനങ്ങൾ' നൽകാനുള്ള നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് (എംവിഡി) നൽകിയിട്ടുണ്ട്. (അധ്യായം11, പേജ് 500, വാല്യം1)

40. ഇലക്ട്രിക് ഓട്ടോകൾക്ക് സി.എം.വി.ആർ സർട്ടിഫിക്കേഷൻ ലഭിച്ച ഒരേ ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ.എ.എൽ. ഇത് കെ.എ.എൽ അതിന്റെ ഉൽപാദനക്ഷമത 7,200 യൂണിറ്റിൽ നിന്ന് പ്രതിവർഷം 15,000 യൂണിറ്റായി ഉയർത്തി. കൂടാതെ നേപ്പാളിൽ നിന്ന് കയറ്റുമതി ഓർഡറും ലഭിക്കുകയുണ്ടായി. (അധ്യായം11, പേജ് 524, വാല്യം1)

41. 'വേഗ 2' എന്ന പേരിൽ ഒരു യാത്രാ ഹൈ സ്പീഡ് ബോട്ട് (120 പാക്) ആലപ്പുഴ-കുമരകം-കോട്ടയം ഭാഗത്ത് പ്രവർത്തനം ആരംഭിച്ചു (അധ്യായം11, പേജ്, വാല്യം1)

42. കേരളത്തിലെ 2020 മാർച്ച് വരെയുള്ള മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,061.37 മെഗാവാട്ട് ആണ്. ഇതിൽ 2,129.42 മെഗാവാട്ട് (69.56 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 676.54 മെഗാവാട്ട് (22.10 ശതമാനം) തെർമൽ പദ്ധതികളിൽ നിന്നും, 70.28 മെഗാവാട്ട് (2.30 ശതമാനം) കാറ്റിൽ നിന്നും, 185.13 മെഗാവാട്ട് (6.04 ശതമാനം) സൗരോർജ്ജത്തിൽ നിന്നും ഉല്പാദിപ്പിക്കുന്നു. (അധ്യായം11, പേജ് 563,564 വാല്യം1)

43. സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വഴി 337.6 മില്യൺ യൂണിറ്റ് വൈദ്യുതിയും 1,7674.8 കിലോലിറ്റർ എണ്ണയും ലാഭിക്കുകയും 19,542 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡ് കുറയ്ക്കുകയും ചെയ്തു. (അധ്യായം11, പേജ് 579, വാല്യം1)

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ**

44. ഭക്ഷ്യ സുരക്ഷാ നിയമം-2013 നിലവിൽ വന്നതോടെ സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സംമ്പ്രദായം സമൂലമായ മാറ്റത്തിന് വിധേയമായി. അംഗീകൃത ചില്ലറ വ്യാപാര ഡിപ്പോകളിൽ (എ.ആർ.ഡി) ഇലക്ട്രോണിക് പോയിന്റ് ഒഫ് സെയിൽ (ഇ-പോസ്) നടപ്പിലാക്കൽ പൂർത്തിയായി. 'വൺ നേഷൻ വൺ റേഷൻ കാർഡ്' പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡിന്റെ അന്തർ സംസ്ഥാന പോർട്ടബിലിറ്റി സംസ്ഥാനത്ത് നടപ്പിലാക്കി. (അധ്യായം 3, പേജ് 161, വാല്യം 1)

45. കേരളത്തിലെ റേഷൻ കാർഡുകളുടെ എണ്ണം 2019-20 ൽ 87.1 ലക്ഷത്തിൽ നിന്നും 2020-21ൽ (2020 ആഗസ്റ്റ് മാസം വരെ) 87.9 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 2019-20 ൽ വിവിധ കാർഡ് ഉടമകൾക്കായി 200.00 കോടി രൂപ സബ് സിഡിയായി ചെലവഴിച്ചു. (അധ്യായം 3, പേജ് 161, വാല്യം 1).

46. 2020 ഏപ്രിൽ മാസം എൻ.പി.എസ്/എൻ.പി.എൻ.എസ് എന്നീ വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബാംഗങ്ങൾക്കും 15 കിലോഗ്രാം അരി വീതം സൗജന്യമായി നല്കി. ലോക്ഡൗൺ കാലയളവിൽ ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്ത് 87.9 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ 972 രൂപ വിലവരുന്ന അവശ്യസാധനങ്ങളടങ്ങിയ കിറ്റ് സൗജന്യമായി നൽകി. പാചക എണ്ണ, പഞ്ചസാര, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, സോപ്പ് തുടങ്ങിയ 17 ഇനം അവശ്യസാധനങ്ങൾ 'അതിജീവനകിറ്റ്' എന്ന പേരിൽ സിവിൽ സപ്ലൈസ് കോർപറേഷൻ വഴി വിതരണം ചെയ്തു. ഇതിനു പുറമേ എ.എ.വൈ, പി.എച്ച്.എച്ച്, എൻ.പി.എസ്, എൻ.പി.എൻ.എസ് തുടങ്ങി എല്ലാ വിഭാഗത്തിലുമുള്ള കുടുംബങ്ങൾക്കും 300 കോടി രൂപയുള്ള സൗജന്യ റേഷൻ വിതരണം ചെയ്തു. കൂടാതെ 5 കി.ഗ്രാം അരി അല്ലെങ്കിൽ 4 കി.ഗ്രാം ആട്ട എന്നിവ അഥിതി തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. (അധ്യായം 3, പേജ് 164, വാല്യം 1)

## വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ

47. ഇന്ത്യയിലെയും ലോകത്തിന്റെയും പലഭാഗങ്ങളിൽ ഉള്ള സ്കൂൾ കുട്ടികൾ, പ്രത്യേകിച്ച് താഴേക്കിടയിലുള്ള കുട്ടികൾ കോവിഡ് മഹാമാരി മൂലം നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. ഈ അവസരത്തിൽ കേരളം വിവിധ മാർഗ്ഗങ്ങളിലൂടെ സ്കൂൾ കുട്ടികളുടെ ക്ഷേമത്തിന് ശ്രമിക്കുകയും അക്കാദമിക് തുടർച്ച ലഭ്യമാക്കുകയും ചെയ്തു.

48. ഹൈടെക് സ്കൂൾ പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ കൈറ്റ് 4,752 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ സ്റ്റാന്റേർഡ് 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ 44,705 ക്ലാസ്സ് മുറികൾ, ലാപ്ടോപ്പ്, സീലിംഗ് മൗണ്ടഡ് പ്രൊജക്ടർ, യു.എസ്.ബി എന്നിവ ഉപയോഗിച്ച് ഹൈ ടെക് ആക്കിയിരിക്കുന്നു - അദ്ധ്യായം 6, പേജ് 318, വാല്യം1)

49. കോവിഡ്-19 മഹാമാരി ഉണ്ടായിരുന്നിട്ടും, കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ വഴി, മുൻ വർഷത്തെപോലെ ഈ വർഷവും അക്കാദമിക് സെക്ഷൻ ജൂൺ 1 ന് തന്നെ ആരംഭിക്കാനായി. "ഫസ്റ്റ്ബെൽ" ക്ലാസ്സുകൾ ചാനലിലൂടെ പ്രക്ഷേപണം ചെയ്തു - അദ്ധ്യായം 6, പേജ് 319, വാല്യം1)

## എല്ലാവർക്കും ആരോഗ്യസംരക്ഷണം ഉറപ്പാക്കൽ

50. കേരളത്തിന്റെ ആരോഗ്യമേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരുമാതൃകയാണ്. ഇത് ഈ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പൊതുജനാരോഗ്യ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള മികവുകൊണ്ട് കൂടിയാണ്. 2018 ലെ നിപ വൈറസ്, ഇപ്പോഴത്തെ കോവിഡ്-19 മഹാമാരി എന്നിവ കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യ സംവിധാനം അവസരത്തിനൊത്തുയർന്നു. (അദ്ധ്യായം 6, പേജ് 331, വാല്യം 1)

51. ആർദ്രം മിഷന്റെ മൂന്നാം ഘട്ട ഭാഗമായി, എഫ്.എച്ച്.സി കളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സി കളെ തിരഞ്ഞെടുത്തു. ഇതിനുപുറമെ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ (സിഎച്ച്സി) ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റും അദ്ധ്യായം 6, പേജ് 334, വാല്യം1)

52. മെഡിക്കൽകോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കുമൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ് ലറ്റുകളുടെ പുനർനിർമാണം/നവീകരണം, ഒ.പി മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. (അദ്ധ്യായം 6, പേജ്335, വാല്യം 1)

53. പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി (കെ.എ.എസ്.പി) എന്ന പുതിയ പദ്ധതിയായി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്ചിസ്) എന്നിവ കെ.എഎസ്.പി സംയോജിപ്പിക്കുന്നു. തുടക്കത്തിൽ, 5 ലക്ഷം രൂപ കവറേജുമായി ഇൻഷുറൻസ് മോഡിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ പദ്ധതിനടപ്പാക്കി. 2020 ജൂലൈ 1 മുതൽ, ₹5 ലക്ഷം കവറേജുമായി അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.36 ലക്ഷം കുടുംബങ്ങളെ കെ.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 366 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഇതിൽ 189 സ്വകാര്യ ആശുപത്രികളും 177 പൊതു ആശുപത്രികളും ഉൾപ്പെടുന്നു. അദ്ധ്യായം 6, പേജ് 345, വാല്യം 1)

**സാമൂഹിക ക്ഷേമവും നീതിയും**

54. സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, മഹാമാരി അനുബന്ധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നീ മേഖലകളിലാണ് സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങൾ.

55. സംസ്ഥാനത്ത് മൊത്തം 49.14 ലക്ഷം സാമൂഹ്യ സുരക്ഷാ പെൻഷൻകാർ നിലവിലുണ്ട്. (അധ്യായം8, പേജ്നമ്പർ 445, വാല്യം-1). പ്രതിമാസ പെൻഷൻ 2015-ൽ 600 രൂപയായിരുന്നത് 2020-ൽ 1,400 രൂപയായി ഉയർത്തി. (അധ്യായം 6 പേജ് നമ്പർ 358, വാല്യം-1)

56. കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ 2019 സെപ്റ്റംബറിൽ സംസ്ഥാനത്തുള്ള 523 പോലീസ് സ്റ്റേഷനുകളിലെ സിവിൽ പോലീസ് ഓഫീസർമാർക്കായി 'ബോധ്യം' എന്ന പേരിൽ ജെൻഡർ അവബോധന പരിപാടി ആരംഭിച്ചു. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 484 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി. (അധ്യായം8, പേജ് നമ്പർ 453, വാല്യം-1)

**ജൻഡർ ബഡ്ജറ്റിംഗ്**

57. കേരള ബജറ്റിന്റെ ഒരു പ്രധാന പ്രത്യേകതയാണ് ലിംഗ ബജറ്റ്. 2020-21ൽ വനിതാധിഷ്ഠിത പദ്ധതികൾക്കായി (പാർട്ട് എ) 1,509.33 കോടി രൂപ (7.3 ശതമാനം) പാർട്ട് ബി യിലെ

സംയോജിത പദ്ധതികൾക്കായി 2,300.54 കോടി രൂപ (11.1 ശതമാനം) എന്നിവ സ്ത്രീകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം 3,809.87 കോടി രൂപ (ട്രാൻസ്ജെൻഡറിനായുള്ള 5 കോടി രൂപ ഉൾപ്പെടെ) സ്ത്രീകൾക്കായി നീക്കി വച്ചിട്ടുണ്ട്. ഇത് മൊത്തം വിഹിതത്തിന്റെ 18.4 ശതമാനം ആണ്. (അധ്യായം 8, പേജ് നമ്പർ 424-425, വാല്യം-1).

**തൊഴിലും തൊഴിലാളി ക്ഷേമവും**

58. കേരളത്തിൽ 2017-18ൽ 11.4 ശതമാനമായിരുന്ന തൊഴിലില്ലായ്മാനിരക്ക് 2018-19 ആയപ്പോഴേക്കും 9 ശതമാനമായി കുറഞ്ഞു. (അധ്യായം 7, പേജ് 367, വാല്യം 1)

59. ലോക്ക്ഡൗൺ സമയത്ത് കേരളത്തിൽ ഏകദേശം 5 ലക്ഷം കുടിയേറ്റ തൊഴിലാളികളുണ്ടായിരുന്നു. തൊഴിൽ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 434280 കുടിയേറ്റ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ കാരണം തൊഴിൽ നഷ്ടപ്പെട്ടു ഇവർ സംസ്ഥാനത്തൊട്ടാകെയുള്ള 21,556 ക്യാമ്പുകളിൽ അഭയം പ്രാപിച്ചു. ക്യാമ്പുകളിൽ ഭക്ഷണം, വെള്ളം, വിനോദോപാധികൾ, ടെലിവിഷൻ, ഗെയിമിംഗ് സൗകര്യങ്ങൾ എന്നിവ നൽകി. (അധ്യായം7, പേജ് നമ്പർ 375, വാല്യം-1)

60. കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം സ്ഥിരമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2012ൽ കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ 10.8 ലക്ഷമായിരുന്നത് 2020 (മാർച്ച് 31, 2020 വരെ) ആയപ്പോഴേക്കും 12.5 ലക്ഷമായി വർദ്ധിച്ചു. നാമമാത്ര വർദ്ധനവ് മാത്രമാണ് ഉണ്ടായത്. പൊതുമേഖലയും സ്വകാര മേഖലയും ഉൾപ്പെടുന്നതാണ് സംഘടിതമേഖല. 2020 ന് ശേഷം സ്വകാര്യ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടിവരുന്നത് എന്നത് ശ്രദ്ധാർഹമായ കാര്യമാണ്. 2019ലെ കണക്കനുസരിച്ച് സംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ആകെയുള്ള 12.5 ലക്ഷം ജീവനക്കാരിൽ 5.5 ലക്ഷം (44.2 ശതമാനം) പേർ പൊതുമേഖലയിലും, 6.9 ലക്ഷം (55.8 ശതമാനം) പേർ സ്വകാര്യ മേഖലയിലും ആണ് തൊഴിലെടുക്കുന്നത്. (അധ്യായം 7, പേജ് 381, വാല്യം 1)

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമം**

61. 2019-20 ൽ ഭൂരഹിതരായ 4225 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിനായി സഹായം നൽകി, പട്ടികജാതി വിദ്യാർത്ഥികൾക്കായി 4556 പഠനമുറികൾ നിർമ്മിച്ച് നൽകി. പട്ടികജാതി പെൺകുട്ടികളുടെ സമഗ്രവികസനത്തിനായുള്ള ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷാ പരിപാടിയായ വാത്സല്യനിധി പദ്ധതിയിൽ 5896 പെൺകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്. (അധ്യായം 8, പേജ് 428,429,431, വാല്യം1)

62. അട്ടപ്പാടിയിലെ പോക്ഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരമ്പരാഗത കൃഷി പുനരുജ്ജീവിപ്പിച്ചു. മില്ലറ്റ് വില്ലേജ് പദ്ധതിയിലൂടെ 400 ഹെക്ടറിൽ വിളവെടുപ്പ് നടത്തുകയും അതുവഴി 1256 കർഷകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി. ഇതുകൂടാതെ 'ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോ ഇക്കോളജി' എന്ന പദ്ധതിയിലൂടെ 1,671 ഏക്കറിൽ കൃഷി ചെയ്യുകയും അതുവഴി 1,211 കർഷകർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിൽ ആരംഭിച്ച അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന ഒരു വസ്ത്ര വ്യാപാര ഉല്പാദന യൂണിറ്റിന് 200 സ്ത്രീകളുടെ ജീവനോപാധി ഉറപ്പുവരുത്തുന്നതിനായി. എം.ജി.എൻ.ആർ.ഇ.ജി.എ യുടെ കീഴിൽ 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി ആരംഭിക്കുകയും ഇത് പ്രകാരം സംസ്ഥാന സർക്കാർ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും തൊഴിൽ ദിനങ്ങൾ 100 ദിവസത്തിൽ നിന്ന് 200 ദിവസങ്ങളായി ഉയർത്തുകയുമുണ്ടായി. (അധ്യായം 8, പേജ് നമ്പർ 437-438, വാല്യം-1)

63. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതിയുടെ ഭാഗമായി കുട്ടി ഡെസ്ക്-കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട അവബോധന പരിപാടി, കളിയരങ്ങ്-അവധിക്കാലത്ത് കുട്ടികളുടെ ക്രിയാത്മകത, ലോക്ക്ഡൗൺ കാലയളവിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പച്ചക്കറികിറ്റ് നൽകൽ, ചിരി-ടെലികൗൺസിലിംഗ് പരിപാടി, നോഡൽ അദ്ധ്യാപകർക്കുള്ള ജീവിത നൈപുണ്യ പരിശീലന പരിപാടി, ഭിന്നശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്നതിനു മാതാപിതാക്കൾക്ക് സഹായകരമായ ബോധവത്ക്കരണ വീഡിയോയുടെ 3

സീരീസ് പ്രസിദ്ധീകരിക്കൽ, എന്നിവ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ നടപ്പാക്കുകയുണ്ടായി (അധ്യായം8, പേജ് നമ്പർ 458, വാല്യം-1)

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായുള്ള പ്രവർത്തനം**

64. കോവിഡ്-19 മഹാമാരിയെ നിയന്ത്രിക്കുന്നതിലും പ്രതിരോധിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ സുപ്രധാന പങ്കുവഹിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവയാണ് 1) ലോക്ഡൗൺ സമയത്ത് കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു. 2) ശുചീകരണ അണുവിമുക്ത പ്രവർത്തനങ്ങൾ നടത്തി. 3) ബ്രേക്ക് ദ ചെയിൻ - സാമൂഹിക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 4) അതിഥി തൊഴിലാളികൾക്ക് താമസവും ഭക്ഷണവും മറ്റ് അവശ്യ സഹായങ്ങളും ലഭ്യമാക്കി. 5) ഗാർഹിക ക്വാറന്റയിൻ, കൗൺസിലിംഗ്, നിരീക്ഷണം എന്നിവയുടെ ഏകോപനം ഉറപ്പാക്കി. 6) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും സംസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തിയവർക്ക് സ്ഥാപനപരമായി ക്വാറന്റയിൻ സജ്ജമാക്കി. 7) കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. 8) പ്രാദേശിക സർക്കാരുകൾ നിയന്ത്രിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ ജീവനക്കാരുടെ സാന്നിധ്യം ഉറപ്പാക്കി. 9) തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലേയ്ക്ക് മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കി. 10) ആവശ്യക്കാർക്ക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു. 11) 'സുഭിക്ഷ കേരളം' എന്ന പേരിൽ കാർഷിക രംഗത്ത് ഭക്ഷ്യ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. 12) ഓൺലൈൻ സ്കൂൾ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കി. (അധ്യായം 12, പേജ് നമ്പർ 647, വാല്യം-1)

65. "വികേന്ദ്രീകൃതാസൂത്രണറൗണ്ട്" എന്ന പേരിലൊരു ഡാറ്റാ ശേഖരണ റൗണ്ട്സർവ്വേ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. (അധ്യായം 12, പേജ് നമ്പർ 644, വാല്യം-1 )

66. സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും കാലാവസ്ഥാവ്യതിയാനങ്ങളുടെയും വെളിച്ചത്തിൽ ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിന്റെയും ദുരന്തങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി രാജ്യത്ത് തന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും 2020 ജനുവരി മുതൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കി.

67. തദ്ദേശസ്വയംഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ച് സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിക്കുകയുണ്ടായി. (അധ്യായം 12, പേജ് നമ്പർ 645, വാല്യം-1)

68. പൗരൻമാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിൽ സുതാര്യത, ഉത്തരവാദിത്വം, കൃത്യത, സമയനിഷ്ഠ, സാങ്കേതിക മേൽനോട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ് ) 2020 ഒക്ടോബർ മാസത്തോടെ സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുകയുണ്ടായി. (അധ്യായം 12, പേജ് നമ്പർ 645, വാല്യം-1)

69. പ്രാദേശിക സർക്കാരുകളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 'പന്ത്രണ്ടിന പരിപാടികൾ' സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇതിലെ രണ്ട് പ്രധാന പദ്ധതികളാണ് "വിശപ്പ് രഹിത കേരളം", "ടേക്ക് എ ബ്രേക്ക് " എന്നിവ. വിശപ്പ് രഹിത കേരളം പദ്ധതിയിൽ 1000 ജനകീയ ഹോട്ടലുകൾ സ്ഥാപിച്ച് 20 രൂപയ്ക്ക് സബ്സിഡി നിരക്കിൽ ഭക്ഷണം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. (അധ്യായം 12, പേജ് നമ്പർ 648, വാല്യം-1 ).

70. പ്രകൃതിദുരന്തങ്ങളോടും കാലാവസ്ഥാവ്യതിയാനത്തോടുമുള്ള സംസ്ഥാനത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിക്കേണ്ട സമീപനത്തെ സ്വാധീനിക്കുന്ന പ്രധാന വിഷയങ്ങൾ സംബന്ധിച്ച് വിവിധ സ്ഥലങ്ങളിലെ, നിരവധി മേഖലകളിലെ, വ്യത്യസ്ത തൊഴിൽ മേഖലകളിലെ ആളുകളിൽ നിന്ന് ഇൻപുട്ടുകളും ഉൾക്കാഴ്ചകളും ശേഖരിക്കുന്നതിനാണ് നമ്മൾ നമുക്കായ് ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുള്ളത്. പ്രാദേശികതലത്തിലുള്ള ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വലിയ പ്രചാരണങ്ങൾ ഉൾപ്പെടെ ആളുകളുമായി നേരിട്ടും വെർച്ചലും

ആയുള്ള കൂടിയാലോചനകൾ നടത്താനാണ് പ്രൊജക്ട് ഉദ്ദേശിക്കുന്നത്. (അധ്യായം 11, പേജ് നമ്പർ 625, വാല്യം-)

71. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിൽ 47 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 43 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 39 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയുമുണ്ടായി. 26.90 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം കൊച്ചിയിൽ ഒക്ടോബർ 19, 2020 മുതൽ പ്രവർത്തനക്ഷമമാണ്. (അധ്യായം 12, പേജ് നമ്പർ 663-664, വാല്യം-1)

72. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 കാലയളവിൽ സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽദിനങ്ങൾ 8.02 കോടിയായിരുന്നു. ഇതിൽ 1.24 കോടി തൊഴിൽ ദിനങ്ങൾ പട്ടികജാതി വിഭാഗത്തിന്റെയും 0.54 കോടി തൊഴിൽ ദിനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായിരുന്നു. 2020-21 ൽ (സെപ്റ്റംബർ 30, 2020 വരെ) 1,599.49 കോടി രൂപ ചെലവഴിക്കുകയും 3.70 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 കാലയളവിൽ 26,80,660 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് ഇക്കാലയളവിൽ 1,05,788 കുടുംബങ്ങൾക്കും 96,259 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 3,299 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. (അധ്യായം 12 പേജ് നമ്പർ 666-667, വാല്യം-1)

73. നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റലി റിട്ടാർഡേഷൻ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവർക്ക് സഹായകമായി നിരാമയആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുകയുണ്ടായി. 2019-20ൽ ഒരു മാസത്തിനുള്ളിൽ തന്നെ 5,164 കുട്ടികളെ ഈ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുകയുണ്ടായി. (അധ്യായം 12, പേജ് നമ്പർ 669-670, വാല്യം-1)

74. 2019-20 ൽ 28,589 ഹരിത കർമ്മസേന അംഗങ്ങൾക്ക് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശീലനം നൽകി. 2019-20 കാലയളവിൽ 2,376 അംഗങ്ങളുള്ള 288 വനിതാ നിർമാണ ഗ്രൂപ്പുകളും (257 ഗ്രാമീണ ഗ്രൂപ്പുകളും 31നഗരഗ്രൂപ്പുകളും) കുടുംബശ്രീ നിർമ്മാണമേഖലയിൽ സംസ്ഥാനത്തുടനീളം രൂപീകരിച്ചു (വാല്യം 1 ന്റെ അധ്യായം 12, പേജ് 664, 665).

75. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് ആരംഭിക്കുകയുണ്ടായി. 2019-20 ലെ ബജറ്റിൽ 75.00 കോടി രൂപ ഇതിനായി വകയിരുത്തിയിരുന്നു. 2019 ലും പ്രളയം ആവർത്തിച്ച സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തേക്ക് കൂടി പാക്കേജ് ദീർഘിപ്പിക്കുകയും 50.00 കോടി രൂപ കൂടി ഇതിനായി വകയിരുത്തുകയും ചെയ്യുകയുണ്ടായി. 210 ഹരിത കർമ്മസേനാ യൂണിറ്റുകളിലെ അംഗങ്ങൾക്ക് അധിക വരുമാന ദായക സാധ്യതകൾ കണ്ടെത്താനായി. 19,355 കുടുംബശ്രീ ഗുണഭോക്താകൾക്ക് ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (എൽ.ഇ.എ.പി) വഴി പ്രതിമാസം ശരാശരി 10,000 രൂപ വരുമാനം ഉറപ്പാക്കിക്കൊണ്ട് തൊഴിൽ നല്കുയുണ്ടായി. സംസ്ഥാനത്തെ 150 ബഡ്സ് സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉല്പന്നങ്ങളുടെ നിർമ്മാണം ബ്രാൻഡിംഗ്,വിപണനം എന്നിവയിൽ പരിശീലനം നൽകി സുസ്ഥിര വരുമാനം ഉറപ്പാക്കുകയുണ്ടായി. (അധ്യായം 12, പേജ് നമ്പർ 672, വാല്യം-1)

76. കേരള പുനരുജ്ജീവന വായ്പാ പദ്ധതി പ്രകാരം 30,274 അയൽക്കൂട്ടങ്ങളിലെ 2.21 ലക്ഷം ആളുകൾക്ക് 1,800.04 കോടി രൂപയുടെ പലിശരഹിത വായ്പ നൽകുകയുണ്ടായി. (അധ്യായം 12, പേജ് നമ്പർ 672, വാല്യം-1)